ബി. എസ്സി. ബയോടെക്നോളജി വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകുന്നത് സംബന്ധിച്ച്

21 [21] ശ്രീ. പി. ടി. തോമസ്:
,, വർക്കല കഹാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെ നിയന്ത്രണത്തിൽ എത്ര ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഏതെല്ലാം;

(ബി) ഈ സ്ഥാപനങ്ങളുടെ പൊതുവായ കർത്തവ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനങ്ങൾക്ക് സ്വന്തമായി ലാബറട്ടറികളുണ്ടോ;

(ഡി) ഈ ലാബറട്ടറികളിൽ ബി. എസ്സി. (ബയോടെക്നോളജി) വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിനുള്ള സൗകര്യം നൽകാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(എഫ്) ഈ ഗണത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ലാബറട്ടറികളിലല്ലാതെ മറ്റെവിടെ നിന്നെല്ലാം ട്രെയിനിംഗ് ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്;

(ജി) അവർക്ക് അതിനുള്ള മറ്റു സാദ്ധ്യതകൾ ഇല്ലെന്നുള്ള കാര്യം പരിഗണിച്ച് സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ലാബറട്ടറികളിൽ ട്രെയിനിംഗ് നൽകണമെന്ന് നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോർസസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ആറ് ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബന്ധപ്പെട്ട ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണങ്ങളും പഠനങ്ങളും നടത്തുകയാണ് ഇവയുടെ പൊതുവായ കർത്തവ്യം.

(സി) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ ഒഴിച്ച് ബാക്കി അഞ്ച് സ്ഥാപനങ്ങൾക്കും സ്വന്തമായി ലാബറട്ടറികളുണ്ട്.

(ഡി & ഇ) ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ ബി. എസ്സി. (ബയോടെക്നോളജി) വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിനുള്ള സൗകര്യം നൽകാറുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ബയോടെക്നോളജിയിൽ ബിരുദാന്തര ബിരുദമുള്ളവർക്ക് ട്രെയിനിംഗിനുള്ള സൗകര്യം നൽകുന്നുണ്ട്. ബിരുദാനന്തര ബിരുദമുള്ള അനവധി വിദ്യാർത്ഥികൾ പരിശീലനത്തിനായി ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ബി. എസ്സി. വിദ്യാർത്ഥികൾക്കു കൂടി ട്രെയിനിംഗ് നൽകുവാനുള്ള സൗകര്യം ഈ സ്ഥാപനത്തിലില്ല. മറ്റു സ്ഥാപനങ്ങളിൽ ബയോടെക്നോളജി ലാബറട്ടറികളില്ല.

(എഫ്) കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള വിവിധ സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെന്റർ ഫോർ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മുതലായവയിൽ ട്രെയിനിംഗ് നൽകാനുള്ള സൗകര്യങ്ങൾ ഉള്ളതായി അറിയുന്നു.

(ജി) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സർവീസ് കാര്യക്ഷമമാക്കാൻ നടപടി

22 [22] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതലായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly